**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 986** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷണ ആവശ്യങ്ങൾക്കായി ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും വന്യമൃഗങ്ങൾ ആശ്രയിക്കുന്നത് തടയുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണലഭ്യതയും ഉറപ്പുവരുത്തുന്നതിന് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണലഭ്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>വനമേഖലകളിൽ ജലലഭ്യത ഉറപ്പ് വരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ ചെറുഡാമുകളും, 574 വയലുകളും, 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചു വരുന്നു.<br><br>വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുടെ പ്രവർത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചു വരുന്നു.<br>വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണലഭ്യത ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തി വരുന്നുണ്ട്.<br>ജനവാസ മേഖലയോട്ട ചേർന്നുള്ള വനപ്രദേശങ്ങ-ളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്റ്റ ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വനമേഖലയിൽ ഭക്ഷണ-ജല ലഭ്യതയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക എത്രയെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ? | (ബി) | വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണലഭ്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>വനമേഖലകളിൽ ജലലഭ്യത ഉറപ്പ് വരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ ചെറുഡാമുകളും, 574 വയലുകളും, 308-ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേ-ഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പി-ലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങ-ളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനി-വേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്റ്റിനെ ചുമതലപ്പെട്ടു-ത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചു വരുന്നു.<br><br>വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുടെ പ്രവർ-ത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചു വരുന്നു.<br>വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണലഭ്യത ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തി വരുന്നുണ്ട്.<br>ജനവാസ മേഖലയോട്ട് ചേർന്നുള്ള വനപ്രദേശങ്ങ-ളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്റ്റ ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വനമേഖലയിൽ ഭക്ഷണ-ജല ലഭ്യതയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | സർക്കിൾ | പദ്ധതികൾക്കായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | സതേൺ സർക്കിൾ | 400.260 |
| 2 | ഹൈറേഞ്ച് സർക്കിൾ | 171.550 |
| 3 | സെൻട്രൽ സർക്കിൾ | 1123.050 |
| 4. | ഈസ്റ്റേൺ സർക്കിൾ | 131.520 |
| 5. | നോർത്തേൺ സർക്കിൾ | 180.365 |
| 6. | FDPT, കോട്ടയം | 345.410 |
| 7. | WL, പാലക്കാട് | 779.420 |
| 8. | എ.ബി.പി | 45.480 |
| **ആകെ** | | **3,177.055** |

<u>അനുബന്ധം</u>

| ക്രമ നം. | സർക്കിൾ | പദ്ധതികൾക്കായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | സതേൺ സർക്കിൾ | 400.260 |
| 2 | ഹൈറേഞ്ച് സർക്കിൾ | 171.550 |
| 3 | സെൻട്രൽ സർക്കിൾ | 1123.050 |
| 4. | ഈസ്റ്റേൺ സർക്കിൾ | 131.520 |
| 5. | നോർത്തേൺ സർക്കിൾ | 180.365 |
| 6. | FDPT, കോട്ടയം | 345.410 |
| 7. | WL, പാലക്കാട് | 779.420 |
| 8. | എ.ബി.പി | 45.480 |
| **ആകെ** | | **3,177.055** |